മംഗളം

kochi, june 5, 2013



കാക്കനാട് ഇൻഫോ പാർക്കിൽ ഇൻഫോപാർക്ക് ബൈ സൈക്കിൾ ക്ലബിന്റെ ഉദ്ഘാടനം മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി സൈക്കിൾ ചവിട്ടി നിർവഹിക്കുന്നു. കലക്ടർ പി.ഐ ഷെയ്ഖ് പരീത്, ബെന്നി ബഹനാൻ എം.എൽ.എ തുടങ്ങിയവർ സമീപം മംഗളം

# ഐ.ടി ജീവനക്കാർക്ക് ഇൻഫോപാർക്കിൽ സൈക്കിൾ ക്ലബ്

കാക്കനാട്: ഇൻഫോപാർക്ക് കാമ്പസിനുള്ളിൽ ഐ.ടി പ്രൊഫഷണലുകൾക്ക് ഇനി മുതൽ സൈക്കിൾ സഞ്ചാരവും. കാമ്പസിനുള്ളിലെ ഹരിതസ്വഭാവം നിലനിർത്താൻ ആവിഷ്കരിച്ച പദ്ധതിയിൽ വിപ്രോ, ഫ്രാഗോമെൻ, ലിറ്റ്മസ് സെവൻ, കാൽപ്പൽ സെലൂഷൻസ്, യു.വി.ജെ ടെക്നോളജിസ്, എച്ച്.ഡി.എഫ്.സി ബാങ്ക് എന്നിവ സംയുക്തമായി 50 സൈക്കിളുകളാണ് നൽകിയത്. മന്ത്രി പി.കെ. കുഞ്ഞാലിക്കുട്ടി സൈക്കിൾ ക്ലബിന്റെ ഉദ്ഘാടനം നിർവഹിച്ചു.

മന്ത്രി കാമ്പസിനുള്ളിൽ സൈക്കിൾ ചവിട്ടിയാണ് നൂതനപദ്ധതിക്ക് തുടക്കം കുറിച്ചത്. ഇൻഫോപാർക്കിലെ വിവിധ ഹാളുകളിലായി പാർക്കുചെയ്യുന്ന സൈക്കിളുകൾ മണിക്കൂറൊന്നിന് രണ്ടുരൂപ നിരക്കിൽ വാടകക്കു നൽകുമെന്ന് ഇൻഫോപാർക്ക് സി.ഇ.ഒ ജിജോ ജോസഫ് പറഞ്ഞു. ഒരു ഐ.ടി കെട്ടിടത്തിൽ നിന്നും മറ്റൊന്നിലേക്കു പോകുന്ന ഐ.ടി ജീവനക്കാർക്ക് പദ്ധതി പ്രയോജനം ചെയ്യും.

സൈക്കിൾ ക്ലബിൽ അംഗത്വം ലഭിക്കാൻ 9645511555 എന്ന നമ്പറിൽ എസ്.എം.എസ് അയക്കണം. ഐ.ടി പ്രൊഫഷണലുകൾക്കാണ് അംഗത്വം ലഭിക്കുക. ഉദ്ഘാടന ചടങ്ങിൽ തൃക്കാക്കര എം.എൽ.എ ബെന്നി ബഹനാൻ, ജില്ലാ കലക്ടർ പി.ഐ. ഷേയ്ഖ് പരീത്, തൃക്കാക്കര മുനിസിപ്പൽ ചെയർമാൻ പി.ഐ. മുഹമ്മദാലി സംബന്ധിച്ചു. ഉദ്ഘാടന ശേഷം ഇവർ ഒരുമിച്ചുള്ള സൈക്കിൾ സവാരി കാണികൾക്കും കൗതുകമായി.